SADHWARTHA
സദ്വാർത്ത
An official publication of COG CWR

# സദ്വാർത്ത

An official publication of Church of God (Full Gospel) in India, Central West Region

VOL. 40 ISSUE 5 | PUBLISHED FROM MUMBAI | BI-MONTHLY | APR - MAY 2026

# മഹനീയം ബൈബിൾ കോളേജിന്റെ 43-ാമത് ഗ്രാജുവേഷൻ നടന്നു



**മുംബൈ:** ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിയന്റെ ഔദ്യോഗിക വേദപഠനശാലയായ മഹനീയം ബൈബിൾ കോളേജിന്റെ 43-ാമത് ഗ്രാജുവേഷൻ സമ്മേളനം 2026 ഏപ്രിൽ 1ന് ബെദലാപൂർ ചർച്ച് ഓഫ് ഗോഡ് ക്യാമ്പസിലെ മഹനീയം ആശ്രമത്തിൽ നടന്നു.

രാവിലെ 9.30ന് ഗ്രാജുവേഷൻ പ്രൊസഷനോടുകൂടി ഗ്രാജുവേഷൻ സർവീസ് ആരംഭിച്ചു. തുടർന്ന് പ്രിൻസിപ്പൽ പാസ്റ്റർ ബെഞ്ചി മാത്യുവിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം പാസ്റ്റർ ജോൺസൻ തോമസിന്റെ പ്രാർത്ഥനയോടെ ആരംഭിച്ചു. പാസ്റ്റർ ഷിഞ്ജു തോമസ് സങ്കീർത്തന വായന നിർവഹിച്ചു.

അധ്യക്ഷപ്രസംഗത്തിന് ശേഷം സ്റ്റുഡന്റ്സ് ഡീൻ പാസ്റ്റർ ബിജു എം.ജി. സന്നിഹിതരെ സ്വാഗതം ചെയ്തു. രജിസ്ട്രാർ പാസ്റ്റർ ഷിബു മാത്യു 2025-26 അധ്യയന വർഷത്തെ ബൈബിൾ സ്കൂൾ റിപ്പോർട്ട് അവതരിപ്പിച്ചു. കൗൺസിലിംഗ് ഡിപ്പാർട്ട്മെന്റ് സെക്രട്ടറി പാസ്റ്റർ മനു കെ. ചാക്കോ കൗൺസിൽ കോഴ്സുകളുടെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

എഡ്യൂക്കേഷൻ ഡയറക്ടർ പാസ്റ്റർ ഷിനോയ് സി. മാത്യു മഹനീയം ബൈബിൾ കോളേജിന്റെ ചരിത്രവും ദൈവത്തിന്റെ അത്ഭുതകരമായ നടത്തിപ്പും അനുസ്മരിച്ച് എല്ലാവരുടെയും സഹകരണത്തിന് നന്ദി രേഖപ്പെടുത്തി.

മുഖ്യ അതിഥിയായി പങ്കെടുത്ത റവ. ഡോ. ജെയിസൺ തോമസ് സുവിശേഷവേലയുടെ ആവശ്യകതയെയും സുവിശേഷത്തിന്റെ ശക്തിയെയും കുറിച്ച് ശക്തമായ സന്ദേശം നൽകി.

തുടർന്ന് റീജിയണൽ ഓവർസീയർ റവ. ഇ. പി. സാംകുട്ടി ഗ്രാജുവേഷൻ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. ഈ വർഷം സി.ടി.എച്ച്., ബി.ടി.എച്ച്., സർട്ടിഫിക്കറ്റ് ഇൻ മിനിസ്റ്റീരിയൽ സ്റ്റഡീസ്, സർട്ടിഫിക്കറ്റ് ഇൻ മിനിസ്ട്രി, ക്രിസ്ത്യൻ കൗൺസലിംഗ്, ക്രിസ്ത്യൻ അപ്പോളജറ്റിക്സ് എന്നീ വിവിധ കോഴ്സുകളിലായി 46 വിദ്യാർത്ഥികൾ ഗ്രാജുവേറ്റ് ചെയ്തു.

ഇവാഞ്ചലിസം ഡയറക്ടർ പാസ്റ്റർ എം. പി. ഗൗതം ബിരുദധാരികൾക്കായി പ്രാർത്ഥിച്ചു. തുടർന്ന് ഡോ. ജെസ്സി ജെയിസൺ, പ്രൊഫ. പോൾ രാജ്, പാസ്റ്റർമാരായ ബിജു തങ്കച്ചൻ, ബാബു തങ്കച്ചൻ, സിസ്റ്റർ സുനിത എന്നിവർ ആശംസകൾ അറിയിച്ചു. ബ്രദർ ജെഫ്രിയും സംഘവും ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

കഴിഞ്ഞ വർഷങ്ങളിൽ മഹനീയം ബൈബിൾ കോളേജിന്റെ പ്രിൻസിപ്പലായും അധ്യാപകനായും സേവനമനുഷ്ഠിച്ച ശേഷം ഡെപ്യൂട്ടേഷനിലേക്ക് പോകുന്ന ഡോ. ബെഞ്ചി മാത്യുവിനെയും, കൗൺസലിംഗ് ഡയറക്ടറായി സേവനമനുഷ്ഠിച്ച ഡോ. ജോൺ സി. മുട്ടുവേലിയേയും ബൈബിൾ സ്കൂളിന്റെ ഉപഹാരം നൽകി റീജിയണൽ ഓവർസീയർ റവ. ഇ. പി. സാംകുട്ടി ആദരിച്ചു. തുടർന്ന് പുതിയ പ്രിൻസിപ്പലായി നിയമിതനായ പാസ്റ്റർ ബാബു തങ്കച്ചനെ ബൊക്കെ നൽകി സ്വീകരിക്കുകയും ചെയ്തു .

പാസ്റ്റർ ജെസ്റ്റിൻ മാത്യു നന്ദിപ്രകാശനം നടത്തി. പാസ്റ്റർമാരായ ജിക്സൺ ജെയിംസ്, പി. ടി. മാത്യു, ഷിബു വർഗീസ്, അജി ഗോഡ്സൺ എന്നിവർ വിവിധ പരിപാടികൾക്ക് നേതൃത്വം നൽകി.

പാസ്റ്റർ തോമസ് മാത്യുവിന്റെ സമാപന പ്രാർത്ഥനയോടും ആശീർവാദത്തോടും കൂടി സമ്മേളനം സമാപിച്ചു. ●

## പാസ്റ്റേഴ്സ് ഫാമിലി സെമിനാർ



**അഹമദ്നഗർ :** മെയ് 12, 13 തീയതികളിൽ പുണെ ഹിന്ദി, അഹമദ്നഗർ ഡിസ്ട്രിക്ടിലുള്ള ദൈവദാസന്മാരുടെയും കുടുംബത്തിന്റെയും സംയുക്ത സെമിനാർ പുണെ, പിമ്പ്രി ദൈവസഭാ ഹാളിൽ വച്ച് വളരെ അനുഗ്രഹമായി നടന്നു. വിവിധ സെഷനുകളിൽ പാസ്റ്റർമാരായ ചന്ദ്രശേഖർ സലോഖേ, ചന്ദ്രഹാസ് പിള്ളയ് എന്നിവർ നേതൃത്വം നൽകി.

പാസ്റ്റർ സാം സാമുവേൽ, റീജിണൽ ഒവർസീയർ റവ. ഈ.പി. സാംകുട്ടി, ബ്രദർ കെ.കെ. കോശി എന്നിവർ വിവിധ ക്ലാസുകൾ നയിച്ചു. ബ്രദർ ജാൻ കോശിയുടെ നേതൃത്വത്തിലുള്ള ക്വയർ ഗാനശുശ്രുഷക്ക് നേതൃത്വം നൽകി. ഈ സെമിനാറിൽ സംബന്ധിച്ച എല്ലാ പാസ്റ്റേഴ്സിനും കുടുംബത്തിനും പ്രത്യേകം പാരിതോഷികം നൽകി.

പ്രത്യേകം ക്രമീകരിച്ച മെഡിക്കൽ ക്യാമ്പ് ഈ സെമിനാറിന്റെ ഒരു പ്രധാന സവിശേഷത ആയിരുന്നു. ബ്രദർ കെ. കെ. കോശി, പാസ്റ്റർ സാം സാമുവേൽ എന്നിവരുടെ കഠിനമായ പരിശ്രമം ഈ ക്യാമ്പിന്റെ വിജയത്തിന് കാരണമായി. ശരീരം കൊണ്ടും ധനം കൊണ്ടും ഈ ക്യാമ്പിനുവേണ്ടി അധ്വാനിച്ച എല്ലാവരെയും സർവശക്തൻ ധാരാളമായി അനുഗ്രഹിക്കട്ടെ. ●

## സുവിശേഷ യോഗങ്ങൾ



ദൈവകൃപയാൽ സൂററ്റ് ഡിസ്ട്രിക്റ്റിലുള്ള ലക്കട്കോട്ട്, അസൽവാ എന്നിവിടങ്ങളിൽ മെയ് 8 മുതൽ 11 വരെ സുവിശേഷ യോഗങ്ങൾ നടത്തപ്പെട്ടു. പകൽ സഹോദരിമാർക്കായി പ്രത്യേക മീറ്റിംഗുകളിലും വൈകിട്ട് നടന്ന പൊതു മീറ്റിംഗുകളിലും റീജിയണൽ ഓവർസീയർ പാസ്റ്റർ ഈ പി സാംകുട്ടി ദൈവവചനം ശുശ്രുഷിച്ചു. വിവിധ ഗ്രാമങ്ങളിൽ നിന്നായി നൂറുകണക്കിനാളുകൾ പങ്കെടുത്ത് ദൈവവചനം ശ്രവിക്കുകയും ആത്മീക അനു?ഗ്രഹം പ്രാപിക്കുകയും ചെയ്തു. പാസ്റ്റർമാരായ ബിനു വർഗീസ്, കാന്തിലാൽ ഗാമിത്ത്, ദിനേശ് ഗാമിത്ത് എന്നിവർ യോഗങ്ങൾക്ക് നേതൃത്വം നൽകി. നവാപൂർ സോണ്ഗ്ഡ് ഏരിയയിലുള്ള പ്രവർത്തനങ്ങൾക്കായി ദൈവജനം പ്രാർത്ഥിക്കുമല്ലോ.



SADHWARTHA

**Editorial Board**

**Patron**
Pastor E.P. Samkutty

**Publication Director**
Pastor Biju Thankachan

**Chief Editor**
Pastor Manu K. Chacko

**Associate Editors**
Pastor Nainan M. Abraham
Pastor Shibu Baby

**Contributing Editors**
Br. Roy Mepral Philedelphia,
Rev. Jose Mallassery, UAE
Pastor Joppachan, Mumbai
Pastor Sanjay Allwyn, Kanpur
Dr. Paul Raj, Mumbai
Pastor Mahavir Prasad, Mumbai
Pastor Johnson Thomas

**Co-ordinators**
Pr. Sujith P. Joseph, Delhi
Pr. Prakash Sonare
Pr. Alexander Koshy, Delhi
Pr. Jose K. Mathew, M.P
Pr. Shinu Abraham, Nagpur
Pr. Shiju K. Daniel, Punjab
Pr. Ajimon K. Eapen, Mumbai
Pr. Jayakumar, Hyderabad
Pr. Blesson P. Daniel, Gujarat
Pr. John K. George, Mumbai
Pr. Reji Punnoose, Hyderabad
Bro. K.K. Koshy, Pune
Bro. James Philip, Mumbai.
Bro. Shaji P. John, Delhi
Bro.Jayan K. Thomas, Navi Mumbai
Bro. Aniyan K.Mathai, Bhayander
Bro.D.G Martin, Mumbai
Bro. P.C.Varghese, Pune
Bro. Sabu George, Dombivili
Bro. Bovas P. Varghese, Nagpur
Bro. Sonu Johnson ,Gujarat

വാർത്തകൾ, ലേഖനങ്ങൾ, കവിതകൾ, ഭാവനകൾ, കഥകൾ തുടങ്ങിയവ അയയ്ക്കേണ്ട വിലാസം

**Chief Editor**
Sadhwartha Publications
P.O. Box No. 7213, Chembur,
Mumbai 400071. Tel:25251834
Mob.: 8208907893
7738452125
email :sadhwartha@gmail.com

*Editorial*

# The Christian Writers' call to Influence Society



**Pastor Manu K. Chacko**
Chief Editor

Throughout history, writers have played a significant role in influencing public thought, preserving values, and shaping communities. Christian writers carry a unique responsibility because their work is not merely an exercise in communication but a ministry of reflecting God's truth, wisdom, and love to the world.

Contemporary society faces numerous challenges, including moral decline, social fragmentation, corruption, selfishness, and diminishing concern for the common good. In such a context, Christian writers have an important opportunity to contribute positively by promoting biblical values and encouraging social transformation.

One vital area of contribution is the promotion of civic responsibility. A healthy society depends upon citizens who understand their duties toward one another and toward the larger community. Scripture encourages respect for lawful authority, concern for neighbors, and active participation in the welfare of society (Romans 13:1–7; Jeremiah 29:7). Through books, articles, essays, and digital media, Christian writers can cultivate civic consciousness by emphasizing honesty, public accountability, environmental stewardship, and responsible citizenship.

Christian writers also play a crucial role in upholding moral values. Moral decline remains one of the greatest challenges of the modern age, often resulting in dishonesty, injustice, and social instability. The Christian world view offers a firm moral foundation rooted in the character of God and revealed through Scripture. By presenting biblical standards of truth, integrity, purity, and self-discipline, writers can guide readers toward lives marked by righteousness and personal accountability.

Closely related to moral formation is the promotion of ethical living. Corruption, exploitation, abuse of power, and dishonesty continue to affect institutions and individuals across the world. Christian writers can address such issues from a biblical perspective, demonstrating how faith should influence decision-making in professional, political, educational, and business settings. By providing practical applications of Christian ethics, they encourage responsible leadership and contribute to ethical reform within society.

Another important responsibility is strengthening social values. Human beings are created for relationships, and strong families and healthy communities are essential for societal well-being. Christian writers can promote virtues such as love, respect, forgiveness, compassion, cooperation, and mutual responsibility. Their writings can address family breakdown, social isolation, discrimination, and community conflict while offering biblical principles that foster reconciliation, unity, and social harmony.

The ministry of Jesus Christ also calls Christian writers to advance humanitarian ideals. Christ consistently demonstrated compassion toward the poor, marginalized, oppressed, and suffering. Following His example, writers can raise awareness about social needs, advocate for human dignity, and inspire practical action. Christian literature has the power to challenge indifference, encourage charitable service, and promote social justice while affirming the worth of every person regardless of race, ethnicity, gender, social status, or economic condition.

Christian writers further contribute to the holistic well-being of society. Genuine well-being encompasses spiritual, emotional, social, and physical dimensions. In times of uncertainty, conflict, and despair, Christian writing can offer hope, resilience, guidance, and encouragement rooted in faith. Such literature helps individuals navigate life's challenges while directing them toward God's purposes and promises.

The calling of Christian writers extends beyond identifying problems; it includes inspiring constructive solutions and contributing to the transformation and upliftment of society. This mission finds its foundation in the enduring influence of the Bible. For centuries, Scripture has shaped individuals, communities, educational institutions, charitable organizations, and social reforms. Its teachings on love, justice, honesty, compassion, forgiveness, and service remain relevant across generations. The Bible not only transforms individual lives but also strengthens families, enriches communities, and fosters a more caring society.

In a world searching for truth, justice, and hope, Christian writers are called to shine the light of Christ through their words. Their mission is not only to inform but also to inspire; not merely to communicate but to transform. Guided by biblical principles and empowered by the Holy Spirit, Christian writers can make a lasting contribution to the flourishing and renewal of society.

●

# सुनो, समझो, बदलो



**Pastor Mahavir Prasad Gautam**
Evangelism Director
COG-CWR

प्रिय पाठकों,

पौलुस रोमियों की पत्री १२:२ में लिखता है कि और इस संसार के समान मत बनो, परन्तु तुम्हारे मन के नए हो जाने से तुम्हारा चाल-चलन बदलता जाए, ताकि तुम परमेश्वर की भली, प्रिय और सिद्ध इच्छा को समझ सको।

एक विश्वासी को हमेशा परमेश्वर की इच्छा के अनुसार जीवन जीना चाहिए। लेकिन उसकी इच्छा को समझने के लिए हमें अपने मन को बार-बार नया करना जरूरी है। हम ऐसे संसार में रहते हैं जहाँ पाप बहुत है, इसलिए हम आसानी से दुनिया के तरीकों की ओर खिंच सकते हैं। शैतान भी हमें परमेश्वर की इच्छा से दूर करने की कोशिश करता है। इसीलिए परमेश्वर ने हमें पवित्र आत्मा दिया है, जो हमें सही रास्ता दिखाता है (यूहन्ना १६:१३)। पवित्र आत्मा हमें बताता है कि क्या सही है और परमेश्वर की इच्छा क्या है। लेकिन उसकी आवाज़ बहुत धीमी और कोमल होती है, इसलिए उसे वही सुन सकता है जिसका मन खुला हो।

अक्षर हमारा मन पहले से ही अपने फैसलों और सोच से भरा हुआ है, तो हम परमेश्वर की आवाज़ नहीं सुन पाएंगे। इसलिए हमें अपना मन खाली और तैयार रखना चाहिए। परमेश्वर की इच्छा उसके वचन (बाइबल) में भी मिलती है, इसलिए हमें उसे पढ़ना चाहिए।

मान लीजिए, आपने कोई चीज़ देखी और आपको वह पसंद आ गई, और आपने तुरंत उसे खरीदने का मन बना लिया। फिर आप परमेश्वर से पूछते हैं-तो यह सही तरीका नहीं है। अगर आप सच में परमेश्वर की इच्छा जानना चाहते हैं, तो पहले उससे पूछें। या फिर अपने फैसले को बदलने के लिए तैयार रहें।

बाइबल पवित्र आत्मा की तुलना कबूतर से करती है-जिसे आसानी से भगा दिया जा सकता है। और उसे धीमी जलती आग के समान भी बताती है-जिसे आसानी से बुझाया जा सकता है। इसका मतलब है कि पवित्र आत्मा हम पर ज़बरदस्ती नहीं करता।

बाइबल में कठोर हृदय उन लोगों के लिए कहा गया है जो बदलना नहीं चाहते। जैसे मेहनत करने से हाथ की त्वचा सख्त हो जाती है और संवेदना कम हो जाती है, वैसे ही बार-बार पाप करने से हमारा दिल कठोर हो जाता है और हम सही-गलत महसूस नहीं कर पाते।

ऐसे लोगों को हठीला भी कहा जाता है-यानि जो घमंडी हैं और बदलना नहीं चाहते। कई बार हमारा अहंकार हमें परमेश्वर की आवाज़ सुनने से रोक देता है। परमेश्वर चाहता है कि हम उसकी इच्छा को समझें, लेकिन इसके लिए हमें अपना मन नया और तैयार रखना होगा।

हम प्रार्थना करें - हे परमेश्वर, हमें ऐसा मन दे जो आपकी इच्छा को समझ सके और आपका आज्ञाकारी बने।

परमेश्वर आपको आशीष दे।

●

# വിശ്വാസിയും ലോകത്തിന്റെ സ്വാധീനങ്ങളും



പാ. ഈ.പി. സാംകുട്ടി
റീജിയണൽ ഓവർസിയർ, മുംബൈ

*ഈ ലോകത്തിന്നു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന്നു മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ (റോമ. 12:2).*

ഇന്നത്തെ ലോകം അതിവേഗത്തിൽ മാറിക്കൊണ്ടിരിക്കുകയാണ്. സാങ്കേതിക വിദ്യയുടെ വളർച്ചയും ആധുനിക ജീവിതരീതികളും മനുഷ്യന്റെ ചിന്തകളെയും ജീവിതശൈലിയെയും ശക്തമായി സ്വാധീനിക്കുന്നു. ഈ ലോകത്തിൽ ജീവിക്കുന്ന ക്രിസ്തീയ വിശ്വാസികൾക്കും ലോകത്തിന്റെ സ്വാധീനങ്ങൾ വലിയ വെല്ലുവിളിയാകുന്നു. ദൈവവചനത്തിൽ ഉറച്ചുനിൽക്കാതെ പോയാൽ വിശ്വാസജീവിതം ക്ഷയിക്കുകയും ആത്മീയത നഷ്ടപ്പെടുകയും ചെയ്യും.

**ലൌകിക സ്വാധീനം എന്താണ്?**

ദൈവഹിതത്തിന് വിരുദ്ധമായ ചിന്തകളും ആഗ്രഹങ്ങളും ജീവിതരീതികളും ലൌകികതയുടെ ഭാഗമാണ്. പാപത്തെ സാധാരണവത്കരിക്കുന്ന സംസ്കാരവും ദൈവത്തെ അവഗണിക്കുന്ന ജീവിതശൈലിയും മനുഷ്യനെ ആത്മീയമായി ദുർബലനാക്കുന്നു.

ഇന്ന് മാധ്യമങ്ങൾ, സോഷ്യൽ മീഡിയ, സിനിമകൾ, തെറ്റായ സൗഹൃദങ്ങൾ, ഭൗതിക മോഹങ്ങൾ എന്നിവ വിശ്വാസികളുടെ മനസ്സിനെ സ്വാധീനിക്കുന്നു. പലരും അറിയാതെ ലോകത്തിന്റെ രീതികളെ അനുകരിക്കാൻ തുടങ്ങുന്നു.

**യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികൾ**

ഇന്നത്തെ യുവജനങ്ങൾ പ്രത്യേകിച്ച് കൂടുതൽ സമ്മർദ്ദങ്ങൾ നേരിടുന്നു. അശുദ്ധമായ വിനോദങ്ങൾ, ലഹരിയുടെ ആകർഷണം, സോഷ്യൽ മീഡിയ അടിമത്തം, ദൈവഭയമില്ലാത്ത യോഗ്യമല്ലാത്ത ബന്ധങ്ങൾ, പണത്തെയും പ്രശസ്തിയെയും മാത്രം ലക്ഷ്യമാക്കുന്ന ജീവിതം, കേവലം ചടങ്ങു മാത്രമായ ആത്മീയ ആരാധനയോടുള്ള വിരക്തി, പാസ്റ്റർമാരുടെ വേണ്ടത്ര ഒരുക്കമില്ലാത്ത കേവലം ശബ്ദ കോലാഹലങ്ങൾ മാത്രമുള്ള നാമമാത്രമായ മുഷിപ്പൻ പ്രസംഗങ്ങൾ ഇവ യുവജനങ്ങളെ ദൈവത്തിൽ നിന്നും ദൈവിക ആരാധനയിൽ നിന്നും അകറ്റുന്നു. എന്നാൽ ദൈവം തന്റെ ജനത്തെ വിശുദ്ധജീവിതത്തിനാണ് വിളിച്ചിരിക്കുന്നത്.

ദൈവവചനം നമുക്ക് തരുന്ന മുന്നറിയിപ്പ് 1 യോഹ. 2:15-17 ൽ പറയുന്നത്: "ലോകത്തെയും ലോകത്തിലുള്ളവയെയും സ്നേഹിക്കരുത്. ഒരുവൻ ലോകത്തെ സ്നേഹിക്കുന്നുവെങ്കിൽ അവനിൽ പിതാവിന്റെ സ്നേഹം ഇല്ല. ജഡമോഹം, കണ്മോഹം, ജീവനത്തിന്റെ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതു എല്ലാം പിതാവിൽനിന്നല്ല, ലോകത്തിൽനിന്നത്രേ ആകുന്നു. ലോകവും അതിന്റെ മോഹവും ഒഴിഞ്ഞുപോകുന്നു; ദൈവേഷ്ടം ചെയ്യുന്നവനോ എന്നേക്കും ഇരിക്കുന്നു". ഇതിന്റെ അർത്ഥം ലോകത്തിലെ മനുഷ്യരെ വെറുക്കുക എന്നല്ല; ദൈവഹിതത്തിന് വിരുദ്ധമായ ജീവിതരീതികളെ പിന്തുടരരുത് എന്നതാണ്. ക്രിസ്തീയ വിശ്വാസി ലോകത്തിൽ ജീവിക്കുമ്പോഴും ലോകത്തിന്റേതാകരുത്. ഉപ്പും വെളിച്ചവും പോലെ സമൂഹത്തിൽ സ്വാധീനം ചെലുത്തുന്നവരായിരിക്കണം.

**ലൗകികതയെ ജയിക്കാൻ എന്ത് ചെയ്യണം?**

**1. ദൈവവചനത്തിൽ ഉറച്ചുനിൽക്കുക**

യോഹ. 17:16 "ഞാൻ ലൌകികനല്ലാത്തതുപോലെ അവരും ലൌകികന്മാരല്ല. സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ, നിന്റെ വചനം സത്യം ആകുന്നു". ദിവസേന ബൈബിൾ വായിക്കുകയും ധ്യാനിക്കുകയും ചെയ്യണം. ദൈവവചനം മനസ്സിനെ ശുദ്ധീകരിക്കുന്നു. പാപത്തിൽ നിന്നും പാപ ചിന്തയിൽ നിന്നും നമ്മെ അകറ്റി നിർത്തുന്നു. ഞാൻ നിന്നോടു പാപം ചെയ്യാതിരിക്കേണ്ടതിന്നു നിന്റെ വചനത്തെ ഹൃദയത്തിൽ സംഗ്രഹിക്കുന്നു. ദാവീദിനെപ്പോലെ നമുക്കും പ്രാർത്ഥിക്കാം ഞാൻ നിന്റെ ന്യായപ്രമാണം കാക്കേണ്ടതിന്നും അതിനെ പൂർണ്ണ ഹൃദയത്തോടെ പ്രമാണിക്കേണ്ടതിന്നും എനിക്കു ബുദ്ധി നല്കേണമേ. നിന്നോടുള്ള ഭക്തിയെ വർദ്ധിപ്പിക്കുന്നതായ നിന്റെ വചനത്തെ അടിയന്നു നിവർത്തിക്കേണമേ.

**2. പ്രാർത്ഥനാ ജീവിതം ശക്തമാക്കുക**

പ്രാർത്ഥന വിശ്വാസിയെ ആത്മീയമായി ശക്തനാക്കുന്നു. പ്രാർത്ഥനയില്ലാത്ത ജീവിതം എളുപ്പത്തിൽ ലൗകികതയിലേക്ക് വീഴും. പാപം ചെയ്യുന്നവന് പ്രാർത്ഥിക്കാൻ കഴികയില്ല. അതുപോലെ പ്രാർത്ഥിക്കുന്നവന് പാപം ചെയ്യാനും കഴികയില്ല. വ്യക്തിപരമായ ആഴമായ പ്രാർത്ഥന ജീവിതം ലോകചിന്തകളെ പ്രതിരോധിക്കാൻ നമ്മെ സഹായിക്കുന്നു.

**3. നല്ല ആത്മീയ സഹവാസം പുലർത്തുക**

"ആകയാൽ നിങ്ങൾ കർത്താവായ ക്രിസ്തുയേശുവിനെ കൈക്കൊണ്ടതുപോലെ അവന്റെ കൂട്ടായ്മയിൽ നടപ്പിൻ; അവനിൽ വേരൂന്നിയും ആത്മികവർദ്ധന പ്രാപിച്ചും നിങ്ങൾക്കു ഉപദേശിച്ചുതന്നതിന്നു ഒത്തവണ്ണം വിശ്വാസത്താൽ ഉറെച്ചും സ്തോത്രത്തിൽ കവിഞ്ഞും ഇരിപ്പിൻ". കൊലോ. 2:6,7 ആത്മീയ കൂട്ടായ്മ വിശ്വാസജീവിതത്തെ വളർത്തുന്നു. തെറ്റായ സൗഹൃദങ്ങൾ ആത്മീയ നാശത്തിലേക്കു നയിക്കും. ഞങ്ങൾ കണ്ടും കേട്ടുമുള്ളതു നിങ്ങൾക്കു ഞങ്ങളോടു കൂട്ടായ്മ ഉണ്ടാകേണ്ടതിന്നു നിങ്ങളോടും അറിയിക്കുന്നു. ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടും അവന്റെ പുത്രനായ യേശുക്രിസ്തുവിനോടും ആകുന്നു. അവനോടു കൂട്ടായ്മ ഉണ്ടു എന്നു പറകയും ഇരുട്ടിൽ നടക്കയും ചെയ്താൽ നാം ഭോഷ്കു പറയുന്നു; സത്യം പ്രവർത്തിക്കുന്നതുമില്ല.

"അവൻ വെളിച്ചത്തിൽ ഇരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ നമുക്കു തമ്മിൽ കൂട്ടായ്മ ഉണ്ടു; അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു" (1 യോഹ. 1:3 -7).

**4. പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ ജീവിക്കുക**

പരിശുദ്ധാത്മാവ് നമ്മെ പാപത്തിൽ നിന്ന് കാത്ത് വിശുദ്ധിയിൽ നടത്തുന്നു. എങ്കിലും പിതാവു എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവു എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചുതരികയും ഞാൻ നിങ്ങളോടു പറഞ്ഞതു ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും. അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന്നു ബോധം വരുത്തും. "ആത്മാവിനെ അനുസരിച്ചുനടപ്പിൻ; എന്നാൽ നിങ്ങൾ ജഡത്തിന്റെ മോഹം നിവർത്തിക്കയില്ല എന്നു ഞാൻ പറയുന്നു. ജഡാഭിലാഷം ആത്മാവിന്നും ആത്മാഭിലാഷം ജഡത്തിന്നും വിരോധമായിരിക്കുന്നു. നിങ്ങൾ ഇച്ഛിക്കുന്നതു ചെയ്യാതവണ്ണം അവ തമ്മിൽ പ്രതികൂലമല്ലോ" (ഗലാ. 5:16,17). ആത്മാവിനാൽ നാം ജീവിക്കുന്നു എങ്കിൽ ആത്മാവിനെ അനുസരിച്ചു നടക്കുകയും ചെയ്ക.

**സഭയുടെ ഉത്തരവാദിത്വം**

സഭ വിശ്വാസികളെ ആത്മീയമായി ശക്തരാക്കേണ്ടതാണ്. ഇന്നത്തെ കാലഘട്ടത്തിൽ പ്രസംഗങ്ങൾ കേവലം ആശ്വാസവാക്കുകളായി മാറാതെ, വിശുദ്ധിയിലേക്കും മാനസാന്തരത്തിലേക്കും നയിക്കുന്നതായിരിക്കണം. യുവജനങ്ങൾക്കും കുടുംബങ്ങൾക്കും ആത്മീയ മാർഗ്ഗനിർദ്ദേശം നൽകേണ്ടത് സഭയുടെ വലിയ ഉത്തരവാദിത്വമാണ്.

ലോകത്തിന്റെ സ്വാധീനങ്ങൾ വർധിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് ക്രിസ്തീയ വിശ്വാസികൾ ജാഗ്രതയോടെ ജീവിക്കണം. ദൈവത്തോടുള്ള സ്നേഹവും വിശുദ്ധജീവിതവും നിലനിർത്തുമ്പോൾ ലൗകികതയെ ജയിക്കാൻ കഴിയും. നമ്മുടെ ജീവിതം ലോകത്തിന്റെ മാതൃകയാകാതെ ക്രിസ്തുവിന്റെ ആനുകാരികളായി ദൈവ ഇഷ്ടം തിരിച്ചറിഞ്ഞു ലോകത്തിൽ ജീവിക്കുന്ന സാക്ഷികളായി ജീവിക്കാം. ദൈവം നമ്മെ വിശുദ്ധിയിലും ആത്മീയ ജാഗ്രതയിലും നിലനിറുത്തട്ടെ.

●

# ഈ അത്യന്തശക്തി

*എങ്കിലും ഈ അത്യന്തശക്തി ഞങ്ങളുടെ സ്വന്തം എന്നല്ല, ദൈവത്തിന്റെ ദാനമത്രേ എന്നു വരേണ്ടതിന്നു ഈ നിക്ഷേപം ഞങ്ങൾക്കു മൺപാത്രങ്ങളിൽ ആകുന്നു ഉള്ളതു. ( 2 കൊരി. 4 : 7).*

120 പേരെ അടങ്ങുന്ന ശിഷ്യന്മാരുടെ സംഘം മർക്കോസിന്റെ മാളിക മുറിയിൽ ഇരുന്നപ്പോൾ ഒന്നാം നൂറ്റാണ്ടിൽ അവരുടെമേൽ ഇറങ്ങി വന്ന ദൈവത്തിൻെറ പരിശുദ്ധാത്മാവിന് ഒരു അത്യന്തശക്തിയുണ്ട്.

ആ അത്യന്തശക്തിയുടെ സവിശേഷതകൾ മൂന്നുവിധത്തിൽ നമ്മൾ കാണുന്നു.

1. പെട്ടെന്ന് കൊടിയ കാറ്റ് അടിക്കുന്നത് പോലെ ആകാശത്തുനിന്ന് ഒരു മുഴക്കം.

2. അഗ്നി ജ്വാലകൾ പോലെ പിളർന്ന നാവുകൾ അവർക്ക് പ്രത്യക്ഷമായി.

3. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി.

അപ്പോസ്തോല പ്രവർത്തി ഒന്നാമധ്യായത്തിന്റെ എട്ടാമത്തെ വാക്യത്തിന്റെ ഒരു പ്രവചന നിവൃത്തിയാണ് ഇവിടെ സംഭവിച്ചത്. "എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരൂശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു". (അ. പ്ര. 1 : 8).

ഈ പരിശുദ്ധാത്മാവിന്റെ ശക്തിയാണ് ഒരു അത്യന്തശക്തിയായി ക്രിസ്തുശിഷ്യന്മാരുടെമേൽ ഇറങ്ങിവന്നത് ഒന്നാം നൂറ്റാണ്ട് മുതൽ പകർന്നുകൊണ്ടിരിക്കുന്നതായ ദൈവശക്തിയുടെ ആഴങ്ങളെകുറിച്ച് അപ്പോസ്തലനായ പൗലോസ് പിന്നെയും കുറച്ചൂടെ വ്യക്തമാക്കിയിരിക്കുന്നത്, എഫെസ്യ ലേഖനത്തിൽ നാം കാണുന്നു.

"വിശ്വസിക്കുന്ന നമുക്കുവേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഇന്നതെന്നും നിങ്ങൾ അറിയേണ്ടതിന്നും പ്രാർത്ഥിക്കുന്നു" (എഫെ.1 :19).

വിശ്വസിക്കുന്ന നമ്മളിൽ വ്യാപരിക്കുന്ന ദൈവശക്തിയുടെ അളവറ്റ വലിപ്പത്തെക്കുറിച്ച് ഈ കാലഘട്ടത്തിൽ ഗ്രഹിച്ച് കർത്താവിൻെറ ശുശ്രൂഷ ചെയ്യുവാൻ ദൈവത്താൽ നാം നിയോഗിക്കപ്പെട്ടിരിക്കുകയാണ്.

ഉത്തരേന്ത്യയുടെ മണ്ണിൽ വർഷങ്ങളായി കർത്തൃശുശ്രൂഷ ചെയ്യുന്ന ദൈവദാസന്മാർ നേരിടുന്ന നിരവധി വിഷയങ്ങൾക്ക് പരിഹാരവും ഉത്തരവും ദൈവസന്നിധിയിൽ നമുക്കുണ്ട്.

ഇസ്രായേൽ ഗ്രഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കലേക്ക് മാത്രമായി യേശുവിൻെറ അപ്പോസ്തോലന്മാരെ അയച്ചപ്പോൾ അവരുടെമേൽ പരിശുദ്ധാത്മാവിന്റെ പ്രത്യേകമായ ചില നിയോഗങ്ങളും അധികാരങ്ങളും മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്ന് നമ്മൾ സുവിശേഷങ്ങളിൽ കാണുന്നു.

അവർക്ക് ദൈവം കൊടുത്ത ചില നിയോഗങ്ങൾ എന്തെല്ലാമെന്ന് നമ്മൾ കാണുമ്പോൾ, (1) അനന്തരം അവൻ തന്റെ പന്ത്രണ്ടു ശിഷ്യന്മാരെയും അടുക്കൽ വിളിച്ചു, അശുദ്ധാത്മാക്കളെ പുറത്താക്കുവാനും സകലവിധ ദീനവും വ്യാധിയും പൊറുപ്പിപ്പാനും അവർക്കു അധികാരം കൊടുത്തു. (മത്താ. 10:1).

(2) അവൻ തന്നോടുകൂടെ ഇരിപ്പാനും പ്രസംഗിക്കേണ്ടതിന്നു അയപ്പാനും (മർക്കോ. 3 :14).

യേശു തൻെറ ശിഷ്യന്മാർക്ക് കൊടുത്തതായ ഈ പ്രത്യേക അധികാരം യേശുവിൻെറ കാലയളവിൽ പരസ്യ ശുശ്രൂഷയിൽ യേശുവിനോട് ചേർന്ന് ശുശ്രൂഷിപ്പാനുള്ള അധികാരമാണ് യേശു നൽകിയത്.

എന്നാൽ അപ്പോസ്തോല പ്രവർത്തികൾ മൂന്നു മുതലുള്ള അധ്യായങ്ങളിൽ പത്രോസിനെയും യാക്കോബിനെയും യോഹന്നാനെയും ഒക്കെ ദൈവം എത്ര മാത്രം ശക്തിയോടുകൂടിയാണ് സുവിശേഷത്തിന്റെ സാക്ഷ്യം വഹിപ്പാൻ വേണ്ടി കരങ്ങളിൽ ഉപയോഗിച്ചതെന്ന് നമുക്ക് കാണുവാൻ കഴിയുന്നു.

"അവർ പത്രൊസിന്റെയും യോഹന്നാന്റെയും ധൈര്യം കാൺകയാലും ഇവർ പഠിപ്പില്ലാത്തവരും സാമാന്യരുമായ മനുഷ്യർ എന്നു ഗ്രഹിക്കയാലും ആശ്ചര്യപ്പെട്ടു" അവർ യേശുവിനോടുകൂടെ ആയിരുന്നവർ എന്നും അറിഞ്ഞു. ( അപ്പൊ. പ്രവൃത്തികൾ 4 : 13 )



Pr. M.A. Ninan

പത്രോസിന്റെയും യോഹന്നാന്റെയും ധൈര്യം കാണുകയും അവർ പഠിപ്പില്ലാത്തവരും സാമാന്യ മനുഷ്യർ ആയിരുന്നവർ എന്നുള്ളതാണ് അവരുടെ വലിയ പ്രത്യേകത.

സാമാന്യ മനുഷ്യർ എന്ന് ജനം അവരെ വിലയിരുത്തി സാമൂഹ്യമായ ഉന്നതികളോ പിൻബലമോ ഒന്നും ഇല്ലാത്തവർ എന്ന് അവരെക്കുറിച്ച് പറഞ്ഞു. അവർക്ക് കൈത്താങ്ങൽ കൊടുക്കുവാൻ പരിശുദ്ധാത്മാവ് അല്ലാതെ ആരുമില്ലായിരുന്നു. ആ അത്യന്തശക്തിയിൽ അവർ വിശ്വസിച്ചു. എന്നാൽ അവരെ യേശുവിനോട് കൂ

>> 6

# CAN GOD LEAN ON YOU ?

## Why God Still Builds His Kingdom Through Covenant Pillars

Dr. Viju Philip, Anchor Point Church, Chattanooga, TN



***Acts 3:13 - "The God of Abraham, Isaac and Jacob, the God of our fathers, has glorified his servant Jesus." (NIV)***

**The Weight Beneath Every Great Structure**

In the heart of London stands St. Paul's Cathedral, one of the world's most admired landmarks. Millions marvel at its beauty and architecture, yet few think about what supports it. Hidden beneath the visible grandeur are pillars and foundations carrying tremendous weight. Remove them, and the structure eventually collapses.

The same principle applies to life. Strong families, healthy churches, and



lasting ministries exist because someone quietly carried responsibilities that others rarely noticed. Every enduring work stands because someone was willing to bear the weight.

Scripture reveals that God's kingdom advances in much the same way. Throughout history, God has used faithful men and women who became spiritual supports for His purposes. They were not always the most gifted or visible people, but they were dependable. They became what we might call **covenant pillars -** people upon whom God could build.

This raises an important question: not simply, "Can God bless me?" but rather, **"Can God lean on me?"**

**More Than a Miracle**

That question comes into focus in Acts chapter 3. Peter and John encountered a man who had been crippled from birth and sat daily at the Temple's Beautiful Gate begging for alms. Everyone knew him. Everyone knew his condition.

When Peter declared, "In the name of Jesus Christ of Nazareth, walk," the man was instantly healed. Strength entered his feet and ankles, and he began walking, leaping, and praising God.

The crowd gathered in amazement.

Yet Peter did something surprising. Instead of focusing on the miracle, he focused on God. He declared, "The God of Abraham, Isaac and Jacob ... has glorified His servant Jesus."

The crowd saw a healed man. But Peter saw something deeper.

The miracle was not the destination. It was a signpost pointing to Jesus Christ. Peter wanted the people to understand that the God who called Abraham, preserved Isaac, transformed Jacob, and guided Israel throughout history was the same God who had glorified Jesus.

**The Covenant Hidden in a Name**

Why did Peter use the title "The God of Abraham, Isaac, and Jacob"?

Because these names represented far more than three individuals. They represented God's covenant faithfulness across generations.

When God appeared to Moses at the burning bush, He introduced Himself as "the God of Abraham, the God of Isaac and the God of Jacob" (Exodus 3:6). Later He declared, "This is my name forever" (Exodus 3:15).

Remarkably, God chose this covenant designation as His memorial name. He repeatedly identified Himself through these men because they were the carriers of His promises. They were covenant pillars. Through them God's redemptive plan moved forward until its fulfillment in Jesus Christ.

**The People God Builds On**

A pillar exists to support something larger than itself. Throughout Scripture, pillars symbolize stability, strength, permanence, and support. Paul even described James, Peter, and John as "pillars" of the early church (Galatians 2:9).

A covenant pillar is a person whom God can trust to carry His purposes from one generation to the next. Such people may never gain widespread recognition. Their names may never appear in books or headlines. Yet their influence extends far beyond their own lifetime because they faithfully support what God is building.

The kingdom advances through faithful people more than famous people. God is looking not merely for ability but for availability, dependability, and obedience.

**Abraham: Faith That Walks Before It Sees**

The first covenant pillar was Abraham.

Genesis 15:6 says, "Abram believed the Lord, and he credited it to him as righteousness."

Abraham trusted God before seeing the fulfillment of God's promises. He obeyed before understanding all the details. He left the familiar without knowing his final destination. Faith became the defining characteristic of his life.

In our culture that demands certainty, Abraham reminds us that God's greatest works often begin with trust. Faith is not having all the answers. Faith is obeying when all the answers are not yet available.

For young believers especially, Abraham teaches that God often reveals the next step before revealing the entire journey.

**Isaac: The Ministry of Staying Faithful**

If Abraham represents faith, Isaac represents continuity.

Isaac did not originate the covenant. His assignment was to preserve it. God reaffirmed Abraham's covenant to him and called him to continue what had already begun.

This may not seem as dramatic as Abraham's calling, but it is equally important. Many people can start something. Far fewer can sustain it. Many want to pioneer. Few want to preserve.

Yet churches, families, and ministries survive because faithful men and women quietly continue the work entrusted to them.

Pastors, parents, teachers, and leaders should never underestimate the ministry of staying faithful. One of the greatest gifts you can give the next generation is consistency and faithfulness. Our children will admire us for our consistency and faithfulness. Some day in their life, they thank God for these two qualities in our lives.

**Jacob: Broken Before Being Built**

Jacob's story offers hope to imperfect people.

Unlike Abraham, Jacob's life was marked by struggle, failure, and wrestling. Yet God was not finished with him.

At Peniel, Jacob encountered God in a life-changing way. There he heard the words: "Your name will no longer be Jacob, but Israel" (Genesis 32:28). Before God expanded Jacob's influence, He transformed Jacob's identity.

This remains God's pattern today.

Before public usefulness comes private formation. Before greater responsibility comes deeper surrender. Before God builds a pillar, He often shapes the character of the person who will carry the weight.

Many believers see difficulties as interruptions. In reality, some of God's greatest work occurs in seasons of testing. The very pressures we seek to avoid may be the tools God uses to prepare us for greater usefulness.

**Building for a Future You May Never See**

One characteristic united Abraham, Isaac, and Jacob. They all lived beyond themselves. Psalm 145:4 declares, "One generation commends your works to another." The covenant moved from Abraham to Isaac, from Isaac to Jacob, and from Jacob to future generations.

A covenant pillar thinks generationally.

Such people build for a future they may never personally witness. They plant seeds knowing others will enjoy the harvest. They invest in people who will carry God's work beyond their own lifetime.

Abraham never saw the nation Israel become what God promised. David never saw Solomon's Temple completed. Yet both invested faithfully in a future beyond themselves.

That is kingdom thinking.

**Pillars in an Age of Platforms**

Our culture celebrates visibility. Social media rewards attention. Success is often measured by influence, popularity, and public recognition. God measures differently.

The Lord is not merely looking for people with platforms. He is looking for people who can carry weight. Platforms attract attention. Pillars carry responsibility. Platforms may last for a season.



Pillars support generations.

The church's greatest need is not more personalities but more people whose lives possess the depth, character, faithfulness, and endurance necessary to support God's purposes over the long haul.

**From Stone Pillars to Living Pillars**

One of the beautiful themes in Scripture is the progression of pillars.

Jacob erected a pillar at Bethel after encountering God. Solomon's Temple contained magnificent pillars symbolizing God's presence. Paul referred to church leaders as pillars.

Then Jesus made an extraordinary promise: "The one who is victorious I will make a pillar in the temple of my God" (Revelation 3:12).

In Genesis, people` built pillars.

In Revelation, God builds pillars.

The stone pillars of Scripture stood in one location. The living pillars God builds stand through generations.

**Can God Lean on You?**

Ultimately, the question is not whether God desires to bless us. Scripture repeatedly affirms His love, grace, and generosity.

The deeper question is whether God can trust us.

Can He trust us with influence? Can He trust us with responsibility? Can He trust us with people? Can He trust us with His purposes?

When God finds a man or woman who remains faithful through trials, disappointments, delays, and seasons of testing, He does more than bless them. He builds upon them.

And when God decides to build upon a life, that life becomes more than successful—it becomes significant.

The world may never know the names of many covenant pillars. Yet eternity will reveal that some of God's greatest works stood because faithful men and women quietly carried the weight. Perhaps that is God's invitation to us today—not merely to enjoy His blessings, but to become the kind of people upon whom He can build. – pastorviju@gmail.com

एपिसोड २

# सेवक और सेवकाई

## मसीही सेवकों के लिए मार्गदर्शन और प्रोत्साहन



डॉ. शिबू थॉमस

प्रिय पास्टरों, प्रचारकों और परमेश्वर के सेवकों, यदि आप कई वर्षों से सेवकाई में हैं, तो आप इस बात को अच्छी तरह समझते होंगे कि सेवकाई का मार्ग हमेशा आसान नहीं होता।

कभी ऐसे दिन आते हैं जब सेवकाई में आनंद होता है। प्रार्थनाओं के उत्तर मिलते हैं। लोग आत्मिक रूप से बढ़ते हैं। कलीसिया में उत्साह दिखाई देता है। लेकिन कुछ समय ऐसे भी आते हैं जब सेवक अंदर से टूटने लगता है। कभी विरोध बढ़ जाता है।

कभी अपने ही लोग गलत समझते हैं। कभी आर्थिक संघर्ष होता है। कभी परिवार दबाव महसूस करता है। कभी ऐसा लगता है कि हमारी मेहनत का कोई फल दिखाई नहीं दे रहा। और सबसे कठिन समय वह होता है जब सेवक बाहर से मजबूत दिखाई देता है, लेकिन अंदर से थक चुका होता है।

आज मैं इसी विषय पर बात करना चाहता हूँ-कठिन समय में परमेश्वर का सेवक कैसे खड़ा रहे? मैं यह लेख केवल एक शिक्षक के रूप में नहीं लिख रहा हूँ। मैं यह बातें अपने जीवन के अनुभवों से लिख रहा हूँ।

सेवकाई के इन वर्षों में मैंने आशीष भी देखी है और संघर्ष भी देखे हैं। ऐसे समय भी आए जब लोगों ने बहुत प्रेम किया। और ऐसे समय भी आए जब बिना कारण आलोचना हुई, गलत समझा गया और दिल टूट गया।

लेकिन एक बात मैंने सीखी-

यदि बुलाहट परमेश्वर से है, तो वही सेवक को संभालता भी है।

सेवकाई में कठिन समय आना असामान्य नहीं है कई युवा सेवक सोचते हैं कि यदि परमेश्वर ने बुलाया है, तो रास्ता आसान होगा। लेकिन बाइबल हमें ऐसा नहीं सिखाती।

यीशु ने कभी यह नहीं कहा कि सेवकाई में संघर्ष नहीं होगा। बल्कि यीशु ने स्पष्ट कहा: यूहन्ना १६:३३ जगत में तुम्हें क्लेश होता है; परन्तु ढाढ़स बाँधो, मैं ने जगत को जीत लिया है। इस संसार में संघर्ष होंगे। सेवकाई में भी संघर्ष होंगे। प्रेरित पौलुस ने भी अपने जीवन में बहुत कठिनाइयाँ देखीं। २ कुरिन्थियों ११:२४-२८. मैं ने यहूदियों से पाँच बार उनतालीस-उनतालीस कोड़े खाए। तीन बार बेंतों से पीटा गया, एक बार पत्थरवाह किया गया बार-बार यात्राओं में, नदियों के संकटों में, डाकुओं के संकटों में फिर भी पौलुस रुका नहीं। क्यों? क्योंकि उसका भरोसा परिस्थितियों पर नहीं, बल्कि परमेश्वर की बुलाहट पर था।

कठिन समय सेवक को तोड़ने नहीं, बनाने आते हैं हम अक्सर कठिन परिस्थितियों से बचना चाहते हैं। लेकिन परमेश्वर कई बार उन्हीं परिस्थितियों का उपयोग सेवक को मजबूत बनाने के लिए करता है। सोना आग में तपकर शुद्ध होता है। उसी प्रकार सेवक भी संघर्षों के बीच परखा जाता है। १ पतरस १:६-७

यदि अब तुम्हें थोड़े समय के लिये नाना प्रकार की परीक्षाओं के कारण दु:खी होना पड़े, तो यह अवश्य है। ताकि तुम्हारा परखा हुआ विश्वास यीशु मसीह के प्रगट होने पर प्रशंसा और महिमा और आदर का कारण ठहरे।

कठिन समय यह प्रकट करता है कि हमारा भरोसा वास्तव में कहाँ है। जब सब कुछ अच्छा चलता है, तब विश्वास करना आसान होता है। लेकिन जब विरोध आता है, तब वास्तविक विश्वास दिखाई देता है। एलिय्याह भी टूट गया था। कई सेवक सोचते हैं कि यदि वे टूटते हैं या थकते हैं, तो शायद उनमें विश्वास की कमी है। लेकिन बाइबल हमें दिखाती है कि परमेश्वर के महान सेवक भी कभी-कभी निराश हुए। एलिय्याह ने कर्मेल पर्वत पर अद्भुत विजय देखी।

आग स्वर्ग से उँडेरी। लोगों ने परमेश्वर की महानता देखी। लेकिन उसी एलिय्याह ने थोड़े समय बाद जंगल में बैठकर कहा: १ राजा १९:४ हे यहोवा, बहुत हुआ; अब मेरा प्राण ले ले। यह एक टूटे हुए सेवक की आवाज़ थी। लेकिन ध्यान दीजिए- परमेश्वर ने एलिय्याह को त्यागा नहीं। परमेश्वर ने उसे आराम दिया। भोजन दिया। और फिर धीरे से उससे बात की। यहाँ एक बहुत बड़ी शिक्षा है-कभी-कभी सेवक को केवल एक और उपदेश नहीं, बल्कि विश्राम, शांति और परमेश्वर की उपस्थिति की आवश्यकता होती है। सेवक की सबसे बड़ी लड़ाई कई बार लोगों से नहीं, मन से होती है बहुत बार सेवक बाहर की लड़ाई से अधिक अंदर की लड़ाई लड़ता है।

निराशा, अकेलापन, डर, असफलता का भाव, लोग क्या सोचेंगे यह चिंता, शैतान अक्सर सेवक के मन पर हमला करता है। इसीलिए पौलुस लिखता है: २ कुरिन्थियों १०:४-५ हमारे युद्ध के हथियार शारीरिक नहीं, पर गढ़ों को ढाने के लिये परमेश्वर के द्वारा सामर्थी हैं और हर एक भावना को कैद करके मसीह का आज्ञाकारी बना देते हैं। सेवक को अपने मन की रक्षा करनी सीखनी होगी। हर आवाज़ परमेश्वर की आवाज़ नहीं होती। हर आलोचना सत्य नहीं होती। हर असफलता अंत नहीं होती।

**कठिन समय में सेवक को क्या करना चाहिए?**

१. परमेश्वर की उपस्थिति में लौटना सबसे पहले सेवक को फिर से परमेश्वर की उपस्थिति में लौटना चाहिए।

सेवकाई करते-करते कई बार हम सेवा में इतने व्यस्त हो जाते हैं कि परमेश्वर के साथ व्यक्तिगत समय कम हो जाता है।

लेकिन हमारी सबसे बड़ी आवश्यकता मंच नहीं-परमेश्वर की उपस्थिति है। भजन संहिता १६:११ तेरी उपस्थिति से आनन्द की परिपूर्णता होती है।

२. अकेले मत लड़िए कई सेवक अपनी सारी लड़ाइयाँ अकेले लड़ने की कोशिश करते हैं। लेकिन परमेश्वर ने हमें संगति दी है। एक सच्चा मित्र, एक वरिष्ठ सेवक, या एक प्रार्थना करने वाला भाई कई बार कठिन समय में बहुत बड़ी सहायता बन सकता है। सभोपदेशक ४:९-१० दो एक से अच्छे हैं क्योंकि यदि उन में से एक गिरे, तो दूसरा अपने साथी को उठाएगा।

३. बुलाहट को याद कीजिए

जब कठिन समय आता है, तब शैतान सबसे पहले हमारी बुलाहट पर हमला करता है।

वह कहता है: क्या सच में परमेश्वर ने तुम्हें बुलाया है? ऐसे समय में हमें फिर से उस बुलाहट को याद करना चाहिए जो परमेश्वर ने हमारे जीवन में दी थी।

पौलुस ने कहा: २ तीमुथियुस १:१२ मैं जानता हूँ कि मैं ने किस पर विश्वास किया है।

मेरी व्यक्तिगत सीख मेरे जीवन में भी ऐसे समय आए जब मैं अंदर से बहुत थक गया था। कई बार ऐसा लगा कि लोगों को समझाना कठिन है। कई बार आलोचना हुई। कई बार विश्वासघात जैसा अनुभव हुआ। लेकिन हर कठिन समय में परमेश्वर ने मुझे एक बात सिखाई-सेवकाई हमारी नहीं है। यह परमेश्वर की सेवकाई है।

यदि सेवक अपना ध्यान लोगों से हटाकर फिर से परमेश्वर पर लगाए, तो वह फिर से खड़ा हो सकता है।

निष्कर्ष

प्रिय सेवकों,

यदि आप आज किसी कठिन समय से गुजर रहे हैं, तो हिम्मत मत हारिए। परमेश्वर ने आपको नहीं छोड़ा है। शायद अभी रास्ता स्पष्ट न दिखाई दे, लेकिन परमेश्वर अभी भी आपके साथ चल रहा है। यशायाह ४१:१० मत डर, क्योंकि मैं तेरे संग हूँ मैं तुझे दृढ़ करूँगा और तेरी सहायता करूँगा। आप अकेले नहीं हैं। परमेश्वर अभी भी अपने सेवकों को संभाल रहा है। दृढ़ रहिए, विश्वास बनाए रखिए, और चलते रहिए, परमेश्वर आपको आशीष दे।

# दाख की बारी की ताजा खबरें

## मार्च-अप्रैल २०२६

परमेश्वर की अनुग्रह और सामर्थ के द्वारा मार्च एवं अप्रैल २०२६ के दौरान विभिन्न क्षेत्रों में आराधना सभाएँ, सम्मेलन, विशेष सभाएँ, पास्टर्स मीटिंग तथा परिवार सेमिनार सम्पन्न हुए। इन सभाओं के माध्यम से विश्वासियों को आत्मिक रूप से प्रोत्साहित किया गया, सेवकों को उत्साहित किया गया तथा अनेक लोगों ने प्रभु के वचन को ग्रहण किया।

**१५ मार्च २०२६ - बहोरीबंद**

कार्यक्रम: विशेष सभा

स्थान: बहोरीबंद

स्थानीय सेवक: पास्टर मनीष अंद्रियास

इस आराधना सभा में परमेश्वर के वचन का प्रचार किया गया तथा विश्वासियों को प्रभु में स्थिर बने रहने के लिए प्रेरित किया गया। सभा में अच्छी सहभागिता रही और लोगों ने आत्मिक आशीष प्राप्त की।

**३-४ अप्रैल २०२६ - रूसा**

कार्यक्रम: क्षेत्रीय सम्मेलन

स्थान: रूसा

स्थानीय सेवक: पास्टर जगदीश मरावी

दो दिवसीय सम्मेलन में विभिन्न सभाएँ आयोजित की गईं। परमेश्वर के वचन, आराधना और प्रार्थना के द्वारा विश्वासियों को आत्मिक जागृति और समर्पण के लिए प्रेरित किया गया। अनेक लोगों ने नए उत्साह के साथ प्रभु की सेवा करने का निर्णय लिया।

**१४ अप्रैल २०२६**

कार्यक्रम: विशेष सभा

सेवक: इवेंजेलिस्ट रामजी

विशेष सभा में परमेश्वर के वचन का प्रभावशाली प्रचार हुआ। विश्वासियों ने उत्साहपूर्वक सहभागिता की तथा प्रार्थना और आराधना के माध्यम से आत्मिक आशीष प्राप्त की।

**१५ अप्रैल २०२६ - बांदा**

कार्यक्रम: Pastors Family Seminar

स्थान: बांदा

स्थानीय सेवक: पास्टर सरोज कुमार

इस सेमिनार में पास्टर परिवारों को आत्मिक जीवन, पारिवारिक एकता, सेवकाई की प्राथमिकताओं और मसीही गवाही के विषय में शिक्षाएँ दी गईं। सेवकों और उनके परिवारों को प्रभु में दृढ़ बने रहने और सेवकाई को प्रभावशाली ढंग से आगे बढ़ाने के लिए प्रोत्साहित किया गया।

१५ अप्रैल २०२६ को बांदा जिले में १२ विश्वासियों ने जल बपतिस्मा ग्रहण किया। यह आत्मिक वृद्धि और सुसमाचार के कार्य की उन्नति का एक आनंदमय अवसर रहा। सभी नए विश्वासियों के लिए विशेष प्रार्थना की गई।

**१६ अप्रैल २०२६ - उन्नाव**

कार्यक्रम: Pastors Meet

स्थान: उन्नाव

स्थानीय सेवक: पास्टर प्रमेश ऑल्विन

इस बैठक में सेवकों को आत्मिक नेतृत्व, कलीसिया विकास, सुसमाचार प्रचार और आगामी सेवकाई योजनाओं के विषय में प्रोत्साहित एवं प्रशिक्षित किया गया। सेवकों के साथ सहभागिता और प्रार्थना का अच्छा समय रहा।

निष्कर्ष

इन सभी सभाओं और यात्राओं के माध्यम से परमेश्वर ने अद्भुत रीति से कार्य किया। विश्वासियों को आत्मिक सामर्थ मिला, सेवकों को प्रोत्साहन प्राप्त हुआ तथा अनेक लोगों ने प्रभु में अपने विश्वास को और दृढ़ किया।

SADHWARTHA

For Private Circulation only.

P.O. Box No. 7213, Chembur, Mumbai 400071. Tel: 25251834 email : sadhwartha@gmail.com

# വിമർശനങ്ങളോടുള്ള ക്രിസ്തീയ സമീപനം



**Pastor Jixon James**
Navi Mumbai

വിമർശനങ്ങൾ എന്നത് മനുഷ്യജീവിതത്തിന്റെ അനിവാര്യ ഘടകമാണ്. കുടുംബത്തിലും, സഭയിലും, സമൂഹത്തിലും, ജോലിസ്ഥലങ്ങളിലും ഒരാളുടെ പ്രവർത്തനങ്ങളെയും സ്വഭാവത്തെയും കുറിച്ച് മറ്റുള്ളവർ അഭിപ്രായങ്ങൾ പറയുന്നതു സ്വാഭാവികമാണ്. നല്ല കാര്യങ്ങൾ ചെയ്താലും, തെറ്റുകൾ സംഭവിച്ചാലും, ആളുകൾ അഭിപ്രായങ്ങൾ പറയും. ചില വിമർശനങ്ങൾ നമ്മെ തകർക്കുന്നതായിരിക്കാം, എന്നാൽ മറ്റു ചിലത് നമ്മെ തിരുത്തുകയും വളർത്തുകയും ചെയ്യുന്നതായിരിക്കും.

മനുഷ്യൻ സ്വയം നല്ലവനാണെന്ന് കരുതാൻ ആഗ്രഹിക്കുന്നതിനാൽ വിമർശനം കേൾക്കുമ്പോൾ മനസ്സിൽ വേദന, കോപം, അപമാനം, പ്രതിരോധ മനോഭാവം എന്നിവ ഉണ്ടാകാം. എന്നാൽ പക്വതയുള്ള വ്യക്തി വിമർശനത്തെ ആത്മപരിശോധനയ്ക്കുള്ള അവസരമാക്കും. ഒരു ജ്ഞാനിയായ വ്യക്തി വിമർശനത്തിൽ നിന്നും പാഠം പഠിക്കും; അജ്ഞാനി അതിനെ വൈരാഗ്യമായി കാണും. അതുകൊണ്ട് വിമർശനത്തെ ശരിയായ മനോഭാവത്തോടെ കൈകാര്യം ചെയ്യുന്നത് വ്യക്തിത്വ വളർച്ചയ്ക്കും ആത്മീയ പുരോഗതിക്കും അനിവാര്യമാണ്. നമ്മുടെ കർത്താവായ യേശുക്രിസ്തു തന്നെ ലോകത്തിൽ വച്ചു ഏറ്റവും കൂടുതൽ വിമർശനങ്ങൾ നേരിട്ട വ്യക്തിയായിരുന്നു; എങ്കിലും അവിടുന്ന് ഒരിക്കലും പ്രതികാര മനോഭാവം കാണിച്ചില്ല, പിതാവിന്റെ ഇഷ്ടം മാത്രം അന്വേഷിച്ചു.

**1. വിമർശനത്തിന്റെ മനഃശാസ്ത്ര വശങ്ങൾ**

മനഃശാസ്ത്രപരമായി നോക്കുമ്പോൾ വിമർശനം മനുഷ്യന്റെ വികാരങ്ങളെയും ആത്മവിശ്വാസത്തെയും ശക്തമായി സ്വാധീനിക്കുന്നു. വിമർശനം കേൾക്കുമ്പോൾ സാധാരണ ഉണ്ടാകുന്ന മാനസിക പ്രതികരണങ്ങൾ: കോപം, നിരാക, ആത്മവിശ്വാസക്കുറവ്, പ്രതികാരചിന്ത, സ്വയം ഒറ്റപ്പെടൽ എന്നിവയാണ്. എന്നാൽ മനഃപക്വതയുള്ള വ്യക്തി വിമർശനത്തെ ആത്മവികസനത്തിനുള്ള അവസരമാക്കും.

ഓരോ വിമർശനവും ആക്രമണമല്ല; ചില വിമർശനങ്ങൾ വളർച്ചയ്ക്കുള്ള ക്ഷണമാണ്.

**2. വിമർശനത്തിന്റെ രണ്ടു വിഭാഗങ്ങൾ**

A. Destructive Criticism (വിനാശകരമായ വിമർശനം)

ഇത് വ്യക്തിയെ തകർക്കാനോ അപമാനിക്കാനോ ഉദ്ദേശിച്ചുള്ള വിമർശനമാണ്. ഇതിന്റെ ലക്ഷണങ്ങൾ: പരിഹാസം, വ്യക്തിപരമായ ആക്രമണം, അപമാനിക്കൽ, കോപത്തോടെ സംസാരിക്കൽ, അസൂയയും വൈരാഗ്യവും.

**ഇതിനെ എങ്ങനെ നേരിടാം?**

1. വിമർശനം നാശകരമാണോ എന്ന് പരിശോധിക്കുക: ആളിന്റെ സംസാര ശൈലി കടുപ്പമുള്ളതായാലും, അതിലുള്ള സത്യവും പ്രയോജനവും കണ്ടെത്താൻ ശ്രമിക്കണം. തിരുവെഴുത്തിൽ പറയുന്നു: "ശാസന കേൾക്കുന്ന ചെവി ജ്ഞാനികളുടെ ഇടയിൽ പാർക്കും" (സദൃശവാക്യം 15:31).

2. പ്രതിവാദം വേഗത്തിൽ നടത്തരുത്: വിമർശനം കേൾക്കുമ്പോൾ ഉടനെ കോപത്തോടെ പ്രതികരിക്കുന്നത് പ്രശ്നങ്ങൾ വർധിപ്പിക്കും. ശാന്തമായി കേൾക്കുകയും വിഷയത്തിന്റെ ഗൗരവം അനുസരിച്ച് ചിന്തിക്കയും അതിന്നു ശേഷം മാത്രം പ്രതികരിക്കുന്നത് നന്നായിരിക്കും. "കേൾപ്പാൻ വേഗതയും, സംസാരിപ്പാൻ താമസവും, കോപിപ്പാൻ താമസവും ഉള്ളവനായിരിക്കട്ടെ" (യാക്കോ. 1:19).

3. ഉദ്ദേശ്യം മനസ്സിലാക്കുക: ചിലർ നമ്മുടെ നന്മക്കായി സത്യസന്ധമായി തെറ്റുകൾ ചൂണ്ടിക്കാണിക്കും. *"സ്നേഹിതന്റെ മുറിവുകൾ വിശ്വസ്തമാണ്" (സദൃശ. 27:6).*

4. ചോദ്യങ്ങൾ ചോദിക്കുക: വാദമല്ല, സംവാദം ആരംഭിക്കുക. എനിക്ക് എങ്ങനെ മെച്ചപ്പെടാം? എന്ന് ചോദിക്കുക.

5. ആവശ്യമില്ലാത്തത് അവഗണിക്കുക : ചില വിമർശനങ്ങൾ വെറും അപമാനത്തിനായിരിക്കും. "ഭോഷന്റെ ഭോഷത്വം പോലെ അവനോടു ഉത്തരം പറയരുത്" (സദൃ. 26:4).

6. വ്യക്തിപരമായി എടുക്കരുത്: മറ്റൊരാളുടെ പരുഷവും പരുക്കനുമായ സംസാരശൈലി നമ്മുടെ വ്യക്തിത്വത്തിന്റെ അളവുകോൽ അല്ല. അവരുടെ വാക്കുകൾ നമ്മുടെ മൂല്യത്തെ നിർണയിക്കുന്നതുമല്ല. ആ വാക്കുകൾ നമ്മുടെ മനോബലവും ആത്മവിശ്വാസവും നശിപ്പിക്കാൻ അവസരം കൊടുക്കരുത്. വിവേകത്തോടെ പ്രതികരിക്കുകയും ഹൃദയസമാധാനം കാത്തുസൂക്ഷിക്കുകയും ചെയ്യുക.

7. ദൈവത്തിൽ വിശ്വാസം അർപ്പിക്കുക : മനുഷ്യർ നമ്മെ തകർക്കാനോ നിരുത്സാഹപ്പെടുത്താനോ വിമർശിക്കുമ്പോൾ , നാം ദൈവത്തിൽ വിശ്വാസം അർപ്പിക്കുക. മനുഷ്യരുടെ അഭിപ്രായങ്ങളും വിലയിരുത്തലുകളും മാറിക്കൊണ്ടിരിക്കും; എന്നാൽ ദൈവത്തിന്റെ വിലയിരുത്തൽ ശാശ്വതവും സത്യവുമാണ്. മനുഷ്യർ പുറമേയുള്ളത് നോക്കുന്നു, എന്നാൽ ദൈവം ഹൃദയത്തെ നോക്കുന്നു. അതുകൊണ്ട് മനുഷ്യരുടെ വിമർശനങ്ങളാൽ തളരാതെ, ദൈവം നമ്മെക്കുറിച്ച് പറയുന്നതിൽ ഉറച്ചുനിൽക്കുക.

തുടരും

## क्षेत्रीय सम्मेलन, कार्यक्रम: आत्मिक जागृति महोत्सव

स्थान: रूसा, दिनांक: ३-४ अप्रैल २०२६,

स्थानीय सेवक: पास्टर जगदीश मरावी तथा अन्य सहयोगी पासबान

ग्राम रूसा (जिला मंडला-मध्य प्रदेश) में दो दिवसीय क्षेत्रीय सम्मेलन का सफलतापूर्वक आयोजन किया गया। इस आत्मिक सम्मेलन में विभिन्न आराधना सभाएँ, प्रार्थना सभाएँ तथा परमेश्वर के वचन की सेवकाइयाँ आयोजित की गईं, जिनमें क्षेत्र के अनेक विश्वासियों और सेवकों ने उत्साहपूर्वक सहभागिता की।

सम्मेलन के मुख्य वक्ताओं में रेव्ह. ई. पी. सामकुट्टी (रीजनल ओवरसीयर), रेव्ह. एम. पी. गौतम (इवैन्जेलिज़्म डायरेक्टर) तथा पास्टर रंजीत मुकेरीरा (डिस्ट्रिक्ट पास्टर) प्रमुख रहे। परमेश्वर के अभिषिक्त वचन, सामूहिक आराधना और सामर्थी प्रार्थनाओं के माध्यम से विश्वासियों को आत्मिक जागृति, नवीनीकरण तथा प्रभु के प्रति गहरे समर्पण के लिए प्रेरित किया गया।

इस सम्मेलन के दौरान स्थानीय विधायक ने भी सुसमाचार सुनकर परमेश्वर की महिमा की। परमेश्वर का अद्भुत कार्य देखकर अनेक लोगों ने नए उत्साह और विश्वास के साथ प्रभु यीशु मसीह को अपना व्यक्तिगत उद्धारकर्ता ग्रहण किया। कई लोगों ने प्रार्थना के माध्यम से दुष्ट आत्माओं के बंधनों से छुटकारा प्राप्त किया तथा आत्मिक स्वतंत्रता का अनुभव किया। बहुतों ने अपने पापों का अंगीकार कर पश्चाताप किया और प्रभु की सेवा में स्वयं को समर्पित करने का निर्णय लिया।

यह सम्मेलन क्षेत्रीय कलीसियाओं के लिए आत्मिक उन्नति, विश्वास की दृढ़ता तथा सुसमाचार के कार्य के प्रति नई प्रतिबद्धता का एक महत्वपूर्ण अवसर सिद्ध हुआ। हम परमेश्वर की महिमा करते हैं कि उसने अपने लोगों के मध्य सामर्थी रीति से कार्य किया और अनेक जीवनों को स्पर्श किया।

## ഈ അത്യന്തശക്തി.... തുടർച്ച

ടെ ഉള്ളവരെന്ന് ജനം തിരിച്ചറിഞ്ഞു. ഈ റീജിയന്റെ വിവിധ സംസ്ഥാനങ്ങളിലായി ഇന്ന് ശുശ്രൂഷകൾ ചെയ്തുവരുന്ന കർത്തൃദാസന്മാർ വിവിധ പ്രതികൂല സാഹചര്യങ്ങൾ നേരിടുന്നവരാണ്. അവർ യേശുവിനോട് കൂടെയുള്ളവർ എന്നും യേശുവിന്റെ നിയോഗം പ്രാപിച്ചവർ എന്നും ജനം തിരിച്ചറിയുന്ന ദിവസങ്ങളായി ഈ ദിനങ്ങൾ മാറട്ടെ.

യേശുവിന്റെ രാജ്യത്തിനായി നിരന്തരം അധ്വാനിക്കുന്നവരെന്ന് തെളിയിക്കപ്പെടുന്ന ഒരു കാലഘട്ടമാണ് ഈ കാലഘട്ടം. നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥം അല്ല എന്നറിഞ്ഞ് കർത്താവിൻെറ വേലയിൽ അധികം വർദ്ധിച്ചു വരിക എന്ന് പൗലോസ് പറഞ്ഞതുപോലെ തന്നെ നമ്മളെ ഭരമേൽപ്പിച്ച ശുശ്രൂഷയുടെ ദൗത്യം ആ നിയോഗം തിരിച്ചറിഞ്ഞ് നമ്മൾ കർത്താവിൻെറ വേലയിൽ ശക്തമായി മുൻപോട്ടു പോകുമ്പോൾ ഒരു പുതിയ വേദിയായി 2026 ദൈവത്തിന്റെ മക്കൾക്ക് വേണ്ടി തുറക്കപ്പെടുന്നു എന്ന് നമുക്ക് പ്രത്യാശിക്കാം.

പലപ്പോഴും നമ്മൾ സാമാന്യ മനുഷ്യരെന്നും കഴിവില്ലാത്തവരെന്നും ഒക്കെ പറഞ്ഞ് ലോകം നമ്മളെ മുദ്ര അടിക്കുന്ന കാലഘട്ടത്തിൽ, പരിശുദ്ധാത്മാവിൽ പൂർണമായി ജീവിതം അർപ്പിക്കുന്ന ഒരു ദൈവത്തിൻെറ ദാസനെ സംബന്ധിച്ചിട ത്തോളം അവർക്ക് ഭാരപ്പെടേണ്ട ആവശ്യമില്ല.

ഗസയുടെ നിർജനപ്രദേശത്തും വിഗ്രഹങ്ങളെ കൊണ്ട് നിറഞ്ഞ അഥേനയിലും, എഫെസോസിലെ ശിഷ്യന്മാരുടെ നടുവിലും, ഫിലിപ്യയിലെ കാരാഗ്രഹത്തിന്റെ നടുവിലും ദൈവം നിങ്ങളെ ഉപയോഗിക്കുവാൻ മതിയായ ദൈവം തന്നെ. ഈ അത്യന്തശക്തി നമ്മുടെ സ്വന്തമല്ല മറിച്ച് ദൈവത്തിൻെറ ദാനം അത്ര എന്ന് വ്യക്തമായി മനസ്സിലാക്കി മൺപാത്രങ്ങളിൽ പകർന്ന ഈ നിക്ഷേപം അനേകർക്ക് പ്രയോജനപ്പെടുവാൻ ഇടയായി തീരട്ടെ.

ഈ അത്യന്തശക്തി പ്രാപിച്ചവരുടെ ഏറ്റവും വലിയ സവിശേഷതയാണ് അവർ സകലവിധത്തിലും കഷ്ടം സഹിക്കുന്നവർ, ബുദ്ധിമുട്ടുന്നവർ, ഉപദ്രവം അനുഭവിക്കുന്നവർ, വീണുകിടക്കുന്നവർ എങ്കിലും നശിച്ചു പോകാത്തവർ. യേശുവിൻെറ സുവിശേഷത്തിന്റെ മാഹാത്മ്യം കേവലം വചനത്തിൽ മാത്രമല്ല അത് ശക്തിയിലും ആണെന്ന് ഈ ലോകത്തിൽ തെളിയിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതിൽ നമുക്ക് ഏറെ ദൈവത്തെ മഹത്വപ്പെടുത്താം.




Printed & Published by : CHURCH OF GOD IN INDIA, Central West Region, Mumbai. Cheif Editor : Pastor Manu K. Chacko - 8208907893
Email : sadhwartha@gmail.com, Typesetting : Anons Graphix - 9820467408 & Printing : R.R. Art Printers. Tel.: 2770 4725 Mobile : 9820 548 243